336/21

പ്രേക്ഷിതൻ

ബിനു.യു,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കെ.ആർ.എഫ്.ബി, പി.എം.യു,
കൊല്ലം ഡിവിഷൻ &
ചെയർമാൻ, വിദഗ്ദ്ധ സമിതി,
കണ്ണനല്ലൂർ ജംഗ്ഷൻ വികസനം.

സ്വീകർത്താവ്

ബഹു: ജില്ലാ കളക്ടർ
കൊല്ലം.

COLLECTORATE
19 MAR 2021
KOLLAM

സർ,

വിഷയം: സ്ഥലമെടുപ്പ് - കണ്ണനല്ലൂർ ജംഗ്ഷൻ വികസനം - സാമൂഹ്യ പ്രത്യാഘാത പഠനം - വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട് സംബന്ധിച്ച് -

സൂചന:- ബഹു: ജില്ലാ കളക്ടറുടെ 16.02.2021-ലെ നമ്പർ എൽഎ6/7595/2019 എന്ന നടപടി ക്രമം

മേൽ വിഷയത്തിൽ വിദഗ്ദ്ധ സമിതിയുടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ വിലയിരുത്തൽ റിപ്പോർട്ട് ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം,

ബിനു.യു,
ചെയർമാൻ, വിദഗ്ദ്ധ സമിതി,
കണ്ണനല്ലൂർ ജംഗ്ഷൻ വികസനം.

കൊല്ലം
17.03.2021

# കണ്ണനല്ലൂർ ജംഗ്ഷൻ വികസനം

## സാമൂഹിക പ്രത്യാഘാത പഠനം-
## വിദഗ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട്

**കൊല്ലം ജില്ലയിൽ കൊല്ലം കോർപ്പറേഷനോട് ചേർന്ന് കിഴക്കായുള്ള തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ കണ്ണനല്ലൂർ എന്ന വാണിജ്യ പ്രാധാന്യമുള്ള ജംഗ്ഷൻ വികസനത്തിന് വേണ്ടിയുള്ള സാമൂഹിക ആഘാത പഠന റിപ്പോർട്ടിൻമേൽ വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട്.**

കൊല്ലം ജില്ലയിൽ കൊല്ലം കോർപ്പറേഷനോട് ചേർന്ന് കിഴക്കായുള്ള തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ കണ്ണനല്ലൂർ എന്ന വാണിജ്യ പ്രാധാന്യമുള്ള ജംഗ്ഷൻ വികസനത്തിന്, തൃക്കോവിൽവട്ടം വില്ലേജിൽ ഉൾപ്പെട്ട 69.49 ആർസ് സ്ഥലവും തഴുത്തല വില്ലേജിൽ ഉൾപ്പെട്ട 11.80 ആർസ് സ്ഥലവും ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന സാമൂഹിക ആഘാതത്തെ കുറിച്ച് പഠിച്ച്, കൊല്ലം ഐഡിയൽ കൺസൾട്ടൻസി സമർപ്പിച്ച പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹു: കൊല്ലം ജില്ലാ കളക്ടറുടെ 16.02.2021-ലെ DCKLM/7595/2019-LA6 എന്ന നടപടിക്രമം പ്രകാരം ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു.

<u>വിദഗ്ദ്ധ സമിതി</u>

| | | |
|---|---|---|
| 1. | ശ്രീമതി.ബിനു.യു,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്-<br>എഞ്ചിനീയർ,<br>കെ. ആർ.എഫ്. ബി. പി.എം.യു,<br>കൊല്ലം ഡിവിഷൻ, കൊല്ലം. | ചെയർമാൻ |
| 2. | ശ്രീ. ജയപ്രകാശ്.വി,<br>ഡെപ്യൂട്ടി കളക്ടർ (റിട്ടയേർഡ്) | അംഗം |
| 3. | ശ്രീ.വേണുഗോപാലൻ.ജെ,<br>തഹസീൽദാർ (റിട്ടയേർഡ്) | അംഗം |
| 4. | ശ്രീ. അജീഷ്. കെ.എസ്,<br>അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞൻ | അംഗം |

| | | |
|---|---|---|
| 5. | ശ്രീ. ദീപക്. എസ്,<br>അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞൻ | അംഗം |
| 6. | ശ്രീമതി. സുനിത. എസ്,<br>മെമ്പർ, വാർഡ് നം.6,<br>തൃക്കോവിൽവട്ടം പഞ്ചായത്ത് | അംഗം |
| 7. | ശ്രീമതി. എ. ഷാനിബ,<br>മെമ്പർ, വാർഡ് നം.7,<br>തൃക്കോവിൽവട്ടം പഞ്ചായത്ത് | അംഗം |

കൊല്ലം ജില്ലയിൽ കൊല്ലം കോർപ്പറേഷനോട് ചേർന്ന് കിഴക്കായുള്ള തൃക്കോവിൽവട്ടം വില്ലേജിലെ ബ്ലോക്ക് നം 22,23, തഴുത്തല വില്ലേജിലെ ബ്ലോക്ക് നം.23 എന്നിവയിൽ ഉൾപ്പെട്ട പ്രദേശങ്ങളിലാണ് കണ്ണനല്ലൂർ ജംഗ്ഷൻ വികസന പദ്ധതി നടപ്പിലാക്കുന്നത്. സ്ഥലം ഏറ്റെടുത്താൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

ആയൂർ-കൊല്ലം റോഡ്, കൊല്ലം-കൊട്ടിയം റോഡ് എന്നീ റോഡുകൾ സന്ധിക്കുന്ന ഈ ജംഗ്ഷൻ സ്ഥലപരിമിതി മൂലമുള്ള ഗതാഗത കുരുക്കിനാൽ വീർപ്പുമുട്ടുകയാണ്. ആയതിനാൽ പ്രസ്തുത ജംഗ്ഷൻ ഉൾപ്പെടുത്തി എല്ലാ റോഡുകളിലേയും 200 മീറ്റർ സ്ഥലത്തിന്റെ വികസനമാണ് പദ്ധതി ഉദ്ദേശിച്ചിട്ടുള്ളത്.

കൊല്ലം ജില്ലയിൽ കൊല്ലം കോർപ്പറേഷനോട് ചേർന്ന് കിഴക്കായുള്ള തൃക്കോവിൽവട്ടം വില്ലേജിലെ ബ്ലോക്ക് നം.22-ലെ സർവ്വേ നമ്പർ:606/part, 613/part, 615/part, 616/part, 638/part, ബ്ലോക്ക് നം:23 -ലെ 474/part, 487/part, 488/part, 490/part, 528/part, 531/part, 532/part, തഴുത്തല വില്ലേജിലെ ബ്ലോക്ക് നം:23 -ലെ 494/part എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 81.29 ആർസ് വസ്തുക്കളാണ് ഏറ്റെടുക്കേണ്ടത്.

ഈ ജംഗ്ഷൻ വികസന പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ കണ്ണനല്ലൂർ ജംഗ്ഷൻ പ്രദേശത്തെ ഗതാഗതക്കുരുക്ക് ഒഴിവാക്കി സുഗമമായ ഗതാഗതം നടപ്പിലാക്കാൻ

സാധിക്കുകയുള്ളു. പൊതുജനത്തിന് ഏറ്റവും ഉപകാരപ്രദമാണ് ഈ പദ്ധതി. ആയതിനാൽ സ്ഥലം ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണ്.

11.03.2021-ൽ വിദഗ്ധ സമിതിയിലെ 6 അംഗങ്ങൾ സംയുക്തമായി പദ്ധതി പ്രദേശം സന്ദർശിച്ചു. എ. ഷാനിബ (മെമ്പർ, വാർഡ് നം.7 തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്) വിട്ടു നിന്നു. 12.03.2021-ൽ വിദഗ്ധ സമിതിയിലെ അംഗമായ ശ്രീമതി. എ. ഷാനിബ ഒഴികെയുള്ള 6 അംഗങ്ങൾ മുഖത്തല ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും വിവര ശേഖരണത്തിന്റേയും സാമൂഹിക ആഘാത പഠന റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായ ചർച്ച നടത്തുകയും ചെയ്തതിനു ശേഷമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിട്ടുള്ളത്.

## വിദഗ്ദ്ധ സമിതിയുടെ അഭിപ്രായങ്ങളും ശുപാർശകളും

ദീർഘമായ പരിശോധനകളുടേയും നിരീക്ഷണങ്ങളുടേയും ചർച്ചകളുടേയും അടിസ്ഥാനത്തിൽ താഴെ പറയുന്ന അഭിപ്രായങ്ങളും ശുപാർശകളും കൈക്കൊള്ളുകയും ആയതു ഇവിടെ സമർപ്പിക്കുകയും ചെയ്യുന്നു.

1. കൊല്ലം ജില്ലയിൽ കൊല്ലം കോർപ്പറേഷനോട് ചേർന്ന് കിഴക്കായുള്ള തൃക്കോവിൽവട്ടം വില്ലേജിലെ ബ്ലോക്ക് നം 22, 33, തഴുത്തല വില്ലേജിലെ ബ്ലോക്ക് നം:23 എന്നീ പ്രദേശത്തെ 81.29 ആർസ് ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത് എന്ന് ശുപാർശ ചെയ്യുന്നു.

**വില്ലേജ് തൃക്കോവിൽവട്ടം, ബ്ലോക്ക് - 22**

| ക്രമ.നമ്പർ | റീസർവ്വേ നമ്പർ | തരം | വിസ്തീർണ്ണം |
|---|---|---|---|
| 1 | 606/ഭാഗം | പുരയിടം | 00.01.10 |
| 2 | 613/ഭാഗം | പുരയിടം | 00.01.50 |
| 3 | 615/ഭാഗം | പുരയിടം | 00.02.56 |
| 4 | 616/ഭാഗം | പുരയിടം | 00.06.00 |
| 5 | 638/ഭാഗം | പുരയിടം | 00.14.80 |

### വില്ലേജ് - തൃക്കോവിൽവട്ടം, ബ്ലോക്ക് - 23

| | | | |
|---|---|---|---|
| 6 | 474/ഭാഗം | പുരയിടം | 00.02.22 |
| 7 | 487/ഭാഗം | പുരയിടം | 00.04.86 |
| 8 | 488/ഭാഗം | പുരയിടം | 00.10.42 |
| 9 | 490/ഭാഗം | പുരയിടം | 00.07.87 |
| 10 | 528/ഭാഗം | പുരയിടം | 00.03.50 |
| 11 | 531/ഭാഗം | പുരയിടം | 00.07.96 |
| 12 | 532/ഭാഗം | പുരയിടം | 00.06.70 |

### വില്ലേജ് :- തഴുത്തല, ബ്ലോക്ക് - 23

| | | | |
|---|---|---|---|
| 13 | 494/ഭാഗം | പുരയിടം | 00.11.80 |
| | | **ആകെ** | **00.81.29** |

2. കൊല്ലം ജില്ലയിൽ കൊല്ലം കോർപ്പറേഷനോട് ചേർന്ന് കിഴക്കായുള്ള തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ കണ്ണനല്ലൂർ എന്ന വാണിജ്യ പ്രാധാന്യമുള്ള ജംഗ്ഷൻ വികസനത്തിന് തൃക്കോവിൽവട്ടം വില്ലേജിൽ ഉൾപ്പെട്ട 69.49 ആർസ് സ്ഥലവും തഴുത്തല വില്ലേജിൽ ഉൾപ്പെട്ട 11.80 ആർസ് ഉൾപ്പെട്ടെ ആകെ. 81.29 ആർസ് ഭൂമിയാണ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്നത്.

3. പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഏറ്റവും ചുരുങ്ങിയ വിസ്തീർണ്ണമായ 81.29 ആർസ് ഭൂമി മാത്രമേ ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളു എന്നും ആയത് ഈ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

4. പ്രസ്തുത പദ്ധതിക്കായി ഏറ്റവും അനുയോജ്യമായ സ്ഥലമാണ് ഏറ്റെടുക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളു എന്നും ആകയാൽ ആയത് ഈ സമിതി ശുപാർശ ചെയ്യുന്നു. ടി ജംഗ്ഷൻ വികസനത്തിന് അനുയോജ്യമായ മറ്റു സ്ഥലങ്ങൾ ഇല്ല.

5. പട്ടിക പ്രദേശത്തെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യമായ അവസാനത്തെ വഴി ആയതിനാൽ മേൽപ്പറഞ്ഞ 81.29 ആർസ് സ്ഥലം നിലവിലുള്ള നിയമം അനുസരിച്ച് നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് ഈ സമിതി ശുപാർശ ചെയ്യുന്നു.

നിലവിലുള്ള അലൈൻമെന്റിൽ നിന്നും മാറ്റം വരുത്തുക അസാദ്ധ്യമാണെന്നും മറ്റു മാർഗ്ഗങ്ങൾ പരിഗണിക്കുക എന്നത് അഭികാമ്യമല്ലെന്നും ഈ സമിതി ശുപാർശ ചെയ്യുന്നു. ഭൂമി ഏറ്റെടുക്കുവാൻ നിർദ്ദേശിച്ച പഠന ഏജൻസിയുടെ നിഗമനം ശരിയാണെന്നും കണ്ണനല്ലൂർ ജംഗ്ഷൻ പ്രദേശത്തെ സമഗ്ര വികസനത്തിന് വഴിയൊരുക്കുന്നതാണ് ഈ പദ്ധതിയെന്നും ആകയാൽ ഭൂമി ഏറ്റെടുക്കാമെന്ന് ഈ വിദഗ്ദ്ധ സമിതി ഒറ്റക്കെട്ടായി അഭിപ്രായപ്പെടുന്നു.

ചെയർമാൻ, വിദഗ്ദ്ധ സമിതി
കണ്ണനല്ലൂർ ജംഗ്ഷൻ വികസനം

## ഭൂമി ഏറ്റെടുക്കൽ – കണ്ണനല്ലൂർ ജംഗ്ഷൻ വികസനം

## സാമൂഹിക പ്രത്യാഘാത പഠനം–

## വിദഗ്ധ സമിതി

**11.03.2021ൽ വിദഗ്ദ്ധസമിതി സംയുക്തമായി പദ്ധതിപ്രദേശം സന്ദർശിച്ചു.**

| ക്രമ നമ്പർ | പേരും മേൽവിലാസവും | കാറ്റഗറി | ഫോൺ നമ്പർ | ഒപ്പ് |
|---|---|---|---|---|
| 1. | ശ്രീമതി ബിനു.യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ്- എഞ്ചിനീയർ, കെ. ആർ.എഫ് ബി, പി.എം.യു, കൊല്ലം ഡിവിഷൻ | ചെയർമാൻ | 9446439783 | (signed) |
| 2. | ശ്രീ.ജയപ്രകാശ് വി, ഡെപ്യൂട്ടി കളക്ടർ (റിട്ടയേർഡ്) | അംഗം | 9447257481 | (signed) |
| 3. | ശ്രീ.ജെ. വേണുഗോപാലൻ, തഹസീൽദാർ (റിട്ടയേർഡ്) | അംഗം | 9497758862 | (signed) |
| 4. | ശ്രീ.അജീഷ്.കെ.എസ്, സാമൂഹിക ശാസ്ത്രജ്ഞൻ | അംഗം | 9400547228 | (signed) |
| 5. | ശ്രീ.ദീപക് എസ്, സാമൂഹിക ശാസ്ത്രജ്ഞൻ | അംഗം | 9497365082 | (signed) |
| 6. | ശ്രീമതി. സുനിത. എസ്, മെമ്പർ, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | അംഗം | 7306545608 | (signed) |
| 7. | ശ്രീമതി. ഷാനിബ. എ, മെമ്പർ, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | അംഗം | 9846561870 | |

# ഭൂമി ഏറ്റെടുക്കൽ – കണ്ണനല്ലൂർ ജംഗ്ഷൻ വികസനം

## സാമൂഹിക പ്രത്യാഘാത പഠനം–

## വിദഗ്ദ്ധ സമിതി

12.03.2021–ൽ വിദഗ്ദ്ധ സമിതി മുഖത്തല ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോൺഫറൻസ് ഹാളിൽ യോഗം കൂടി.

| ക്രമ നമ്പർ | പേരും മേൽവിലാസവും | കാറ്റഗറി | ഫോൺ നമ്പർ | ഒപ്പ് |
|---|---|---|---|---|
| 1. | ശ്രീമതി ബിനു.യു<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്-എഞ്ചിനീയർ,<br>കെ. ആർ.എഫ് ബി<br>പി.എം.യു കൊല്ലം ഡിവിഷൻ | ചെയർമാൻ | 9446439783 | |
| 2. | ശ്രീ.ജയപ്രകാശ് വി,<br>ഡെപ്യൂട്ടി കളക്ടർ<br>(റിട്ടയേർഡ്) | അംഗം | 9447257481 | |
| 3. | ശ്രീ.ജെ. വേണുഗോപാലൻ,<br>തഹസീൽദാർ<br>(റിട്ടയേർഡ്) | അംഗം | 9497758862 | |
| 4. | ശ്രീ.അജീഷ്.കെ.എസ്,<br>സാമൂഹിക ശാസ്ത്രജ്ഞൻ | അംഗം | 9400547228 | |
| 5. | ശ്രീ.ദീപക് എസ്,<br>സാമൂഹിക ശാസ്ത്രജ്ഞൻ | അംഗം | 9497365082 | |
| 6. | ശ്രീമതി. സുനിത. എസ്,<br>മെമ്പർ, തൃക്കോവിൽവട്ടം<br>ഗ്രാമപഞ്ചായത്ത് | അംഗം | 7306545608 | |
| 7. | ശ്രീമതി. ഷാനിബ. എ,<br>മെമ്പർ, തൃക്കോവിൽവട്ടം<br>ഗ്രാമപഞ്ചായത്ത് | അംഗം | 9846561870 | |

File No.DCKLM/7595/2019-LA6

**കൊല്ലം ജില്ലാകളക്ടറുടെ നടപടിക്രമം**
**(ഹാജർ: ബി.അബ്ദുൾ നാസർ ഐ എ എസ്)**

**തീയതി : 16/02/2021**

വിഷയം : സ്ഥലമെടുപ്പ്- RFCTLARR ആക്ട്,2013 - കണ്ണനല്ലൂർ ജംഗ്ഷൻ വികസനം - സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനുള്ള വിദഗ്ധ സമിതിയെ രൂപീകരിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന :
1. 29.06.2016 തീയതിയിലെ GO (P) 377/16/RD നമ്പർ സർക്കാർ ഉത്തരവ്.
2. 20/10/2020 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം.
3. 27/10/2020 തീയതിയിലെ 2534 നമ്പർ ഗസറ്റ് വിജ്ഞാപനം.
4. ഐഡിയൽ കൺസൾട്ടൻസി 04/02/2021 തീയതിയിൽ സമർപ്പിച്ച സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട്.

കൊല്ലം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ അർത്ഥനാധികാരി ആയ കണ്ണനല്ലൂർ ജംഗ്ഷൻ വികസനത്തിലേയ്ക്കായി കൊല്ലം താലൂക്കിൽ തൃക്കോവിൽവട്ടം വില്ലേജിലെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായി സൂചന (2) പ്രകാരം എസ് ഐ എ യൂണിറ്റിനെ നിയമിച്ച് ഉത്തരവായിട്ടുള്ളതും, ആയത് സൂചന (3) പ്രകാരം ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. RFCTLARR ആക്ട്, 2013 വകുപ്പ് 7 പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനുള്ള വിദഗ്ധ സമിതിയെ സൂചന (1) ഉത്തരവിലെ നിർദ്ദേശമനുസരിച്ച് ചുവടെ ചേർക്കും പ്രകാരം രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | കാറ്റഗറി | പേര് |
|---|---|---|
| 1 | അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞർ (രണ്ട്) | 1)ശ്രീ. അജീഷ്,ശിവശൈലം, സ്റ്റാർച്ച് ഫാക്ടറിക്ക് സമീപം, വെള്ളിമൺ പി ഒ, കുണ്ടറ 691571, ഫോൺ - 9400547228.<br>2) ശ്രീ. ദീപക് എസ്,ഗൗരീ മാധവം, ഹൗസ് നമ്പർ 113, ആശ്രാമം, കൊല്ലം, ഫോൺ - 9497365082. |
| 2 | ബാധിക്കപ്പെട്ട പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ (രണ്ട്) | 1)ശ്രീമതി. സുനിത.എസ്, വാർഡ് നം-6, തൃക്കോവിൽവട്ടം പഞ്ചായത്ത് കൈതവിള, ചേരിക്കോണം, കണ്ണനല്ലൂർ പി.ഒ. ഫോൺ -7306545608<br>2)ശ്രീമതി. എ.ഷാനിബ, വാർഡ് നം-7, തൃക്കോവിൽവട്ടം പഞ്ചായത്ത് സൈന മൻസിൽ, കണ്ണനല്ലൂർ നോർത്ത്, കണ്ണനല്ലൂർ പി.ഒ. ഫോൺ -9846561870. |
| 3 | പുനരധിവാസ പ്രവർത്തനങ്ങളിൽ വിദഗ്ധരായവർ (രണ്ട്) | 1) ശ്രീ. ജയപ്രകാശ്, റിട്ടയേർഡ് ഡെപ്യൂട്ടികളക്ടർ, തിരുവനന്തപുരം. ഫോൺ - 9447257481.<br>2)ശ്രീ. വേണുഗോപാൽ ജെ ,റിട്ടയേർഡ് തഹസിൽദാർ, ഫോൺ - 9497758862. |

| | | |
|---|---|---|
| 4 | സാങ്കേതിക വിദഗ്ധൻ | ശ്രീമതി. ബിനു.യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, കെ.ആർ.എഫ്.ബി. - പി.എം.യു., കൊല്ലം ഡിവിഷൻ. ഫോൺ - 9446439783. |

വിദഗ്ധ സമിതിയുടെ ചെയർമാനായി ശ്രീമതി.ബിനു.യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, കെ.ആർ.എഫ്.ബി.-പി.എം.യു., കൊല്ലത്തിനെ ചുമതലപ്പെടുത്തുന്നു.

(ഒപ്പ്)
**ജില്ലാകളക്ടർ**

പകർപ്പ് :-
1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം, കൊല്ലം.
2) എക്സിക്യൂട്ടീവ് എൻജിനീയർ, കെ.ആർ.എഫ്.ബി. - പി.എം.യു., കൊല്ലം ഡിവിഷൻ.
3) സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി, കൊല്ലം.
4) ബന്ധപ്പെട്ട വ്യക്തികൾക്ക്.

Signature valid

Digitally signed by ABDUL NASAR B
Date: 2021.02.16 [illegible]:35:55 IST
Reason: Approved